**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3332** **13-07-2022 - ൽ മറുപടിയ്ക്ക്**

**സർവ്വേ, റീസർവ്വേ പ്രവർത്തനങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ലിന്റോ ജോസഫ് | | ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് സമഗ്രമായി നടത്തുമെന്ന് പ്രഖ്യാപിക്കപ്പെട്ട സർവ്വേ, റീസർവ്വേ പ്രവർത്തനങ്ങളെ സംബന്ധിച്ച് വിശദാംശം ലഭ്യമാക്കാമോ; | (എ) | സംസ്ഥാനത്ത് ആകെയുള്ള 1666 വില്ലേജുകളിൽ നിലവിൽ ഡിജിറ്റലായി സർവ്വെ പൂർത്തിയായിട്ടുള്ളതും പുരോഗതിയിലുള്ളതുമായ 116 വില്ലേജുകളൊഴികെ ശേഷിക്കുന്ന 1550 വില്ലേജുകളുടെ ഡിജിറ്റൽ റീസർവ്വെ 4 വർഷത്തിനകം പൂർത്തിയാക്കുന്നതിനായി 807.98 കോടി രൂപയുടെ പദ്ധതിക്ക് 18-01-2021 ലെ സ.ഉ(കൈ) 24/2021/പ്ലാനിംഗ് പ്രകാരം തത്വത്തിൽ അംഗീകാരം ലഭിച്ചിട്ടുള്ളതും, 27-08-2021 ലെ സ.ഉ. (സാധാ) 364/2021/പി & ഇ എ പ്രകാരം റീബിൽഡ് കേരള ഇനിഷ്യേറ്റീവിൽ ഉൾപ്പെടുത്തി 339.438 കോടി രൂപ ആദ്യഘട്ടത്തിനായി അനുവദിച്ച് ഉത്തരവായിട്ടുള്ളതാണ്. തുടർന്ന് ടി ഭരണാനുമതി പുതുക്കി നിശ്ചയിച്ചുകൊണ്ട് ഒന്നാംഘട്ട ഡിജിറ്റൽ റീസർവ്വെ പ്രവർത്തനങ്ങൾക്കായി 438.46 കോടി രൂപയ്ക്ക് 02-07- 2022 ലെ സ.ഉ (കൈ) നം 15/2022/ പി & ഇ എ പ്രകാരം ഭരണാനുമതി നൽകി ഉത്തരവാകുകയുണ്ടായി.<br><br>Continuously Operating Reference Stations (CORS), Real Time Kinematic Rover (RTK Rover), Robotic Electronic Total Station (R-ETS), DRONE തുടങ്ങിയ നൂതന സർവെ സാങ്കേതിക ഉപകരണങ്ങൾ ഉപയോഗിച്ച് സർവ്വെ നടപടികൾ ത്വരിതഗതിയിൽ നടത്തുന്നതിനാണ് ലക്ഷ്യമിടുന്നത്. സംസ്ഥാനത്തിന്റെ ഭൂപ്രകൃതി അനുസരിച്ച് 28 COR സ്റ്റേഷനുകളാണ് ആവശ്യമായിട്ടുള്ളത്. നിലവിൽ 21 സ്റ്റേഷനുകളുടെ ജോലികൾ പൂർത്തിയായിട്ടുള്ളതും ശേഷിക്കുന്ന സ്റ്റേഷനുകളുടെ ജോലികൾ പുരോഗതിയിലുമാണ്. കൂടാതെ RTK Rover, R-ETS തുടങ്ങിയ സർവെ ഉപകരണങ്ങൾ വാങ്ങുന്നതിനുള്ള ടെണ്ടർ നടപടികൾ സ്വീകരിച്ചു വരുന്നതുമാണ്. ഇത് കൂടാതെ |

| | | | |
|---|---|---|---|
| | | | ഡിജിറ്റൽ സർവ്വേയുമായി ബന്ധപ്പെട്ട് ചുവടെ ചേർത്തിട്ടുള്ള വിവിധ പ്രാഥമിക നടപടികളും പൂർത്തീകരിച്ചുവരുന്നു.<br><br>* 1500 സർവ്വേയർമാരെയും 3200 ഹെൽപ്പർമാരെയും കരാർ അടിസ്ഥാനത്തിൽ എംപ്ലോയ്മെന്റ് വകുപ്പ് മുഖേന നിയോഗിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.<br><br>* പൊതുജന പങ്കാളിത്തം ഉറപ്പാക്കുന്നതിന് വിവിധ ബോധവൽക്കരണ ശിൽപ്പശാലകൾ (IEC Activity) സംഘടിപ്പിച്ച് വരുന്നു.<br><br>* ഭൂസംബന്ധമായി വിവിധ പ്രശ്നങ്ങൾക്ക് ശാശ്വത പരിഹാരം കാണുന്നതിന് സെറ്റിൽമെന്റ് സംവിധാനം കൊണ്ടുവരുന്നതിനുള്ള പ്രാരംഭ പ്രവൃത്തികൾ റവന്യൂ വകുപ്പുമായി സഹകരിച്ച് ആവിഷ്കരിച്ച് വരുന്നു.<br><br>* ആദ്യഘട്ട ഡിജിറ്റൽ സർവ്വെയ്ക്കായി തിരഞ്ഞെടുത്തിട്ടുള്ള 200 വില്ലേജുകളുടെ ReLIS ഡാറ്റാ പ്യൂരിഫിക്കേഷൻ ജോലികളും, ലഭ്യമായ മുൻ റിക്കാർഡുകളുടെ സ്കാനിംഗ് ജോലികളും പൂർത്തിയാക്കിയിട്ടുള്ളതുമാണ്.<br><br>*പൂർണ്ണമായും സോഫ്റ്റ് വെയർ അധിഷ്ഠിതമായ ഡിജിറ്റൽ സർവ്വെ നടപ്പിലാക്കുന്നതിനായി സമഗ്രമായ ഒരു സോഫ്റ്റ് വെയർ സംവിധാനം തയ്യാറാക്കുന്നതിനുള്ള നടപടികൾ NIC യുമായി ബന്ധപ്പെട്ട് സ്വീകരിച്ച് വരുന്നു.<br><br>* സർവ്വേ കല്ലുകൾ വാങ്ങുന്നതിനും, ക്യാമ്പ് ഓഫീസുകൾ സജ്ജീകരിക്കുന്നതിനുമുള്ള നടപടികൾസ്വീകരിച്ചു വരുന്നു. |
| (ബി) | പദ്ധതിയുടെ ഇപ്പോഴത്തെ അവസ്ഥ വ്യക്തമാക്കുമോ; | (ബി) | സംസ്ഥാനത്ത് ആകെയുള്ള 1666 വില്ലേജുകളിൽ നിലവിൽ ഡിജിറ്റലായി സർവ്വെ പൂർത്തിയായിട്ടുള്ളതും പുരോഗതിയിലുള്ളതുമായ 116 വില്ലേജുകളൊഴികെ ശേഷിക്കുന്ന 1550 വില്ലേജുകളുടെ ഡിജിറ്റൽ റീസർവ്വെ 4 വർഷത്തിനകം പൂർത്തിയാക്കുന്നതിനായി 807.98 കോടി രൂപയുടെ പദ്ധതിക്ക് 18-01-2021 ലെ സ.ഉ(കൈ) 24/2021/പ്ലാനിംഗ് പ്രകാരം തത്വത്തിൽ അംഗീകാരം ലഭിച്ചിട്ടുള്ളതും, 27-08-2021 ലെ സ.ഉ. (സാധാ) 364/2021/പി & ഇ എ പ്രകാരം റീബിൽഡ് കേരള ഇനിഷ്യേറ്റീവിൽ ഉൾപ്പെടുത്തി 339.438 കോടി രൂപ ആദ്യഘട്ടത്തിനായി അനുവദിച്ച് ഉത്തരവായിട്ടുള്ളതാണ്. തുടർന്ന് ടി ഭരണാനുമതി പുതുക്കി നിശ്ചയിച്ചുകൊണ്ട് ഒന്നാംഘട്ട ഡിജിറ്റൽ |

റീസർവ്വെ പ്രവർത്തനങ്ങൾക്കായി 438.46 കോടി രൂപയ്ക്ക് 02-07- 2022 ലെ സ.ഉ (കൈ) നം 15/2022/ പി & ഇ എ പ്രകാരം ഭരണാനുമതി നൽകി ഉത്തരവാകുകയുണ്ടായി.

Continuously Operating Reference Stations (CORS), Real Time Kinematic Rover (RTK Rover), Robotic Electronic Total Station (R-ETS), DRONE തുടങ്ങിയ നൂതന സർവെ സാങ്കേതിക ഉപകരണങ്ങൾ ഉപയോഗിച്ച് സർവ്വെ നടപടികൾ ത്വരിതഗതിയിൽ നടത്തുന്നതിനാണ് ലക്ഷ്യമിട്ടുന്നത്. സംസ്ഥാനത്തിന്റെ ഭൂപ്രകൃതി അനുസരിച്ച് 28 COR സ്റ്റേഷനുകളാണ് ആവശ്യമായിട്ടുള്ളത്. നിലവിൽ 21 സ്റ്റേഷനുകളുടെ ജോലികൾ പൂർത്തിയായിട്ടുള്ളതും ശേഷിക്കുന്ന സ്റ്റേഷനുകളുടെ ജോലികൾ പുരോഗതിയിലുമാണ്. കൂടാതെ RTK Rover, R-ETS തുടങ്ങിയ സർവെ ഉപകരണങ്ങൾ വാങ്ങുന്നതിനുള്ള ടെണ്ടർ നടപടികൾ സ്വീകരിച്ചു വരുന്നതുമാണ്. ഇത് കൂടാതെ ഡിജിറ്റൽ സർവ്വേയുമായി ബന്ധപ്പെട്ട് ചുവടെ ചേർത്തിട്ടുള്ള വിവിധ പ്രാഥമിക നടപടികളും പൂർത്തീകരിച്ചുവരുന്നു.

* 1500 സർവ്വേയർമാരെയും 3200 ഹെൽപ്പർമാരെയും കരാർ അടിസ്ഥാനത്തിൽ എംപ്ലോയ്മെന്റ് വകുപ്പ് മുഖേന നിയോഗിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

* പൊതുജന പങ്കാളിത്തം ഉറപ്പാക്കുന്നതിന് വിവിധ ബോധവൽക്കരണ ശിൽപ്പശാലകൾ (IEC Activity) സംഘടിപ്പിച്ച് വരുന്നു.

* ഭൂസംബന്ധമായി വിവിധ പ്രശ്നങ്ങൾക്ക് ശാശ്വത പരിഹാരം കാണുന്നതിന് സെറ്റിൽമെന്റ് സംവിധാനം കൊണ്ടുവരുന്നതിനുള്ള പ്രാരംഭ പ്രവൃത്തികൾ റവന്യൂ വകുപ്പുമായി സഹകരിച്ച് ആവിഷ്കരിച്ച് വരുന്നു.

* ആദ്യഘട്ട ഡിജിറ്റൽ സർവ്വെയ്ക്കായി തിരഞ്ഞെടുത്തിട്ടുള്ള 200 വില്ലേജുകളുടെ ReLIS ഡാറ്റാ പ്യൂരിഫിക്കേഷൻ ജോലികളും, ലഭ്യമായ മുൻ റിക്കാർഡുകളുടെ സ്കാനിംഗ് ജോലികളും പൂർത്തിയാക്കിയിട്ടുള്ളതുമാണ്.

*പൂർണ്ണമായും സോഫ്റ്റ് വെയർ അധിഷ്ഠിതമായ ഡിജിറ്റൽ സർവ്വെ നടപ്പിലാക്കുന്നതിനായി സമഗ്രമായ ഒരു സോഫ്റ്റ് വെയർ സംവിധാനം

| | | | |
|---|---|---|---|
| | | | തയ്യാറാക്കുന്നതിനുള്ള നടപടികൾ NIC യുമായി ബന്ധപ്പെട്ട് സ്വീകരിച്ച് വരുന്നു.<br><br>* സർവ്വേ കല്ലുകൾ വാങ്ങുന്നതിനും, ക്യാമ്പ് ഓഫീസുകൾ സജ്ജീകരിക്കുന്നതിനുമുള്ള നടപടികൾസ്വീകരിച്ചു വരുന്നു. |
| (സി) | സർവ്വേ, റീസർവ്വേ പ്രവർത്തനങ്ങൾ എപ്പോൾ ആരംഭിക്കാൻ കഴിയുമെന്ന് വ്യക്തമാക്കുമോ? | (സി) | ഡിജിറ്റൽ സർവ്വെ പദ്ധതിക്കാവശ്യമായ സർവ്വെ ഉപകരണങ്ങൾ ലഭ്യമാക്കുന്നതിനുള്ള നടപടികളും, കരാർ അടിസ്ഥാനത്തിൽ ജീവനക്കാരെ നിയമിക്കുന്നതിനുള്ള നടപടികളും ദ്രുതഗതിയിൽ പുരോഗമിച്ച് വരുന്നു. ടി നടപടികൾ പൂർത്തിയാക്കുന്നമുറയ്ക്ക് പദ്ധതിയുടെ ഭാഗമായുള്ള ഫീൽഡ് സർവ്വെ ജോലികൾ ആരംഭിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ